"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - കോട്ടയം ഡിവിഷനിൽ എരുമേലി എക്സൈസ് റേഞ്ച് ഓഫീസിലെ വനിത സിവിൽ എക്സൈസ് ഓഫീസർ കുമാരി ലക്ഷ്മി എം.ന് ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.526/2025/TAXES തീയതി,തിരുവനന്തപുരം, 05-06-2025**

പരാമർശം:- 1. കുമാരി ലക്ഷ്മി എം. 04.11.2024-ൽ സമർപ്പിച്ച അപേക്ഷ.
2. എക്സൈസ് കമ്മീഷണറുടെ 27.11.2024, 25.04.2025 തീയതികളിലെ EXC/6032/2024-XE8 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോട്ടയം ഡിവിഷനിൽ എരുമേലി എക്സൈസ് റേഞ്ച് ഓഫീസിലെ വനിത സിവിൽ എക്സൈസ് ഓഫീസർ കുമാരി ലക്ഷ്മി എം.ന് സെന്റ് ഡൊമിനിക് കോളേജിൽ B.Sc Physics ബിരുദത്തിന്റെ ആറാം സെമസ്റ്ററിൽ ചേർന്ന് ഡിഗ്രി പഠനം പൂർത്തിയാക്കുന്നതിനായി 2024 ഡിസംബർ 1 മുതൽ 2025 മാർച്ച് 31 വരെ 121 ദിവസത്തെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായുള്ള ശിപാർശ പരാമർശം (2)-ലെ കത്തുകൾ പ്രകാരം എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഈ വിഷയം പരിശോധിച്ചു. എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് കോട്ടയം ഡിവിഷനിൽ എരുമേലി എക്സൈസ് റേഞ്ച് ഓഫീസിലെ വനിത സിവിൽ എക്സൈസ് ഓഫീസർ കുമാരി ലക്ഷ്മി എം.ന് 01.12.2024 മുതൽ 31.03.2025 വരെ കെ.എസ്.ആർ ഭാഗം I അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2.കുമാരി ലക്ഷ്മി എം., വനിത സിവിൽ എക്സൈസ് ഓഫീസർ (എക്സൈസ് കമ്മീഷണർ മുഖേന)
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം.

4.ധനകാര്യ വകുപ്പ് (21.05.2025-ലെ 2982605/വ്യയം-ബി1/709/2024-ധന പ്രകാരം)
5.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/184/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 06-06-2025 09:58:22
സെക്ഷൻ ഓഫീസർ